# വൈകിവന്ന വസന്തം

വൈകിയതെന്തേ, വസന്തകാലമേ,
വരാത്തതെന്തുനീ എന്നരികിൽ;
കണ്ണിമയ്ക്കാതെ ഞാൻ കാത്തിരുന്നൂ,
നിന്റെ രൂപം കണ്ടു ധന്യനാകാൻ.

നീരാളം നിർത്തി നറുപുലരി,
സോപാനം പാടി കുയിലുകളും;
മാലേയ കുളിർക്കാറ്റൊരീണമായി,
താരാട്ടു പാടി സോപചാരം.

തൂവാനം തൂകിയ മലനിരകൾ
സൂര്യകിരീടങ്ങൾ അണിയുമ്പോൾ-
പടിപ്പുര വാതിലും ചാരിനിന്നൂ,
നിന്നെ വരവേൽക്കാൻ നൈർമ്മല്യമേ.

ചിലങ്ക കെട്ടിയ കാട്ടാറുകൾ,
കുണുങ്ങിചിരിച്ചു കൊണ്ടോടുമ്പോൾ,
തുടിക്കും കരളിലെ സ്വപ്നങ്ങളും;
പൂക്കളായ് വിടരും ഭൂമിയിലും.

സൗഭഗമാർന്നൊരു മൂവന്തിയിൽ,
മൂകമായ് തീർന്നെന്റെ മാനസവീണ,
നിശ്ചലമാം സരോവരത്തിലൊ;
അഞ്ജലി കൂപ്പുന്നു രക്തോൽപലം.

കാലൊച്ച കേൾപ്പാൻ കാതോർത്തിരിപ്പൂ,
നിദ്രാ വിഹീനയായ് രാവുകളിൽ,
ആയിരം അശ്വത്തെ പൂട്ടിയ തേരിൽ;
പറന്നിറങ്ങുക എൻ സൗന്ദര്യമേ.

അമൃതാംശുവായ്, നീ അനഘയായി,
വിരുന്നു വന്ന ഋതു മോഹിനി;
സ്വപ്നവർണ്ണത്തിൻ പീലികൾ നീർത്തി,
നൃത്തമാടൂ എൻ പ്രതീക്ഷയായ്.